തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം – 676 502

# നിർവാഹകസമിതി

## അമ്പത്തിനാലാമത് യോഗതീരുമാനങ്ങൾ

**അക്ഷരം കാമ്പസ്, തിരൂർ**
**2022 മാർച്ച് 31 വ്യാഴാഴ്ച, രാവിലെ 11 മണിക്ക്**

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീ ഫെറോൾഡ് സേവ്യർ (അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
3. ശ്രീ പ്രസാദ് ആർ (സെക്ഷൻ ഓഫീസർ, സാംസ്കാരികകാര്യ (സി) വകുപ്പ്)
4. ഡോ. സി. രാജേന്ദ്രൻ
5. ഡോ. വി. ലിസ്സി മാത്യു
6. ഡോ. കെ.കെ.എൻ. കുറുപ്പ്

ഡോ. റെജിമോൻ പി.എം. (രജിസ്ട്രാർ ഇൻ ചാർജ്) യോഗത്തിൽ സന്നിഹിതനായിരുന്നു.

### തീരുമാനങ്ങൾ

ഇനം നമ്പർ: **2022.38**

വിഷയം: **നിർവാഹകസമിതിയുടെ 53-ാമത് യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച്**

തീരുമാനം: നിർവാഹകസമിതിയുടെ 53-ാമത് യോഗതീരുമാനങ്ങൾ സ്ഥിരീകരിച്ചു.

ഇനം നമ്പർ: **2022.39**

വിഷയം: **മുൻതീരുമാനങ്ങളിൻമേലുള്ള തുടർനടപടികൾ**

തീരുമാനം: അംഗീകരിച്ചു.

ഇനം നമ്പർ: **2022.40**

വിഷയം: **വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം: റിപ്പോർട്ട് അംഗീകരിച്ചു.

* ഇനം നമ്പർ: **2022.41**

വിഷയം: **2022–2023 ലെ വാർഷിക ബജറ്റ് അംഗീകരിക്കൽ**

തീരുമാനം: 19024.98 ലക്ഷം രൂപ വരവും 18490.24 ലക്ഷം രൂപ ചെലവും പ്രതീക്ഷിക്കുന്ന 2022–2023 ലെ ബജറ്റ് അംഗീക്കിച്ച് പൊതുസഭയുടെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി അവതരിപ്പിക്കാൻ തീരുമാനിച്ചു. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനു നൽകിയ നിർദ്ദേശം ഉൾപ്പെടെയുള്ള ധനകാര്യകമ്മിറ്റിയുടെ ശുപാർശകൾ യോഗം അംഗീകരിച്ചു. (അനുബന്ധം 1)

(നം. 142/2022/ധനകാര്യം - ഫിനാൻസ്വിഭാഗം)

* ഇനം നമ്പർ: **2022.42**

വിഷയം: **2020–21 ലെ വാർഷിക റിപ്പോർട്ട് അംഗീകരിക്കൽ**

തീരുമാനം: 2020–21 ലെ വാർഷിക റിപ്പോർട്ട് അംഗീകരിച്ച് പൊതുസഭയുടെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി അവതരിപ്പിക്കാൻ തീരുമാനിച്ചു.

(പ്രസിദ്ധീകരണവിഭാഗം - 191/2019/പ്രസിദ്ധീകരണം)

* ഇനം നമ്പർ: **2022.43**

വിഷയം: **2021–22 ലെ വാർഷിക റിപ്പോർട്ട് അംഗീകരിക്കൽ**

തീരുമാനം: 2021–22 ലെ വാർഷിക റിപ്പോർട്ട് അംഗീകരിച്ച് പൊതുസഭയുടെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി അവതരിപ്പിക്കാൻ തീരുമാനിച്ചു.

(പ്രസിദ്ധീകരണവിഭാഗം - 191/2019/പ്രസിദ്ധീകരണം)

ഇനം നമ്പർ: **2022.44**

വിഷയം: **മലയാളസർവകലാശാലയിൽ നിലവിലുള്ള ഗവേഷണചട്ടത്തിൽ (2019) കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി അക്കാദമിക് കൗൺസിലിന്റെ തീരുമാനപ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ച് ചട്ടങ്ങൾ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നത് – സംബന്ധിച്ച്.**

തീരുമാനം: ഈ ഇനം അടുത്ത യോഗത്തിലേക്ക് മാറ്റി.

(2837/എ4/2019/അക്കാദമികം - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.45**

വിഷയം: **ക്ലാസ് മുറികൾക്കും മികവ്കേന്ദ്രത്തിന്റെ പ്രവർത്തനത്തിനുമായി നിലവിലെ കാമ്പസിൽ ഉണ്ടാക്കുന്ന കെട്ടിടത്തിന്റെ നിർമാണം ആരംഭിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ക്ലാസ് മുറികൾക്കും മികവ്കേന്ദ്രത്തിന്റെ പ്രവർത്തനത്തിനുമായി നിലവിലെ കാമ്പസിൽ ഉണ്ടാക്കുന്ന കെട്ടിടത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നിർവാഹകസമിതി അനുമതി നൽകി. തറക്കല്ലിടൽ നടത്തി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ തീരുമാനങ്ങളും നടപടി

കളും എടുക്കുന്നതിന് യോഗം വൈസ് ചാൻസലറെ ചുമതലപ്പെടുത്തി. 2018-19 ലെ ഡി.എസ്.ആർ. പ്രകാരം എസ്റ്റിമേറ്റ് പുതുക്കി കോസ്റ്റ്ഫോർഡ് സമർപ്പിച്ചിട്ടുള്ള 358.30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് അതിന് സർക്കാരിന്റെ അനുമതി ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീക രിക്കാനും തീരുമാനിച്ചു.

(556/2018/ഫിൻ - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.46**

വിഷയം: **സർവകലാശാല പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ വിൽപ്പന ഇനത്തിൽ നൽകുന്ന കമ്മീഷൻ വ്യവസ്ഥപ്പെടുത്തുന്നത് സംബന്ധിച്ച്**

തീരുമാനം: പ്രദർശനകമ്മിറ്റി നൽകിയ അപേക്ഷ പരിഗണിച്ച് പുസ്തകപ്രദർശന സ്റ്റാളിൽ നിന്നും വിൽക്കുന്ന മലയാളസർവകലാശാലയുടെ പുസ്തകങ്ങൾക്ക് 40% വിൽപ്പന കമ്മീഷൻ അനുവദിക്കാൻ തീരുമാനിച്ചു.

(349/2022/പ്രസിദ്ധീകരണം - പ്രസിദ്ധീകരണവിഭാഗം)

ഇനം നമ്പർ: **2022.47**

വിഷയം: **എം.എസ്.സി. പരിസ്ഥിതിപഠന കോഴ്സിലേക്ക് പ്രവേശനയോഗ്യത സയൻസ് ബിരുദമായി നിശ്ചയിക്കുന്നതിന് പരിസ്ഥിതിപഠന സ്കൂൾ കൗൺസിൽ തീരുമാനം പരിഗണിക്കുന്നത് - സംബന്ധിച്ച്.**

തീരുമാനം: ബി.എസ്.സി. ബിരുദം എം.എസ്.സി. പരിസ്ഥിതിപഠന കോഴ്സിന്റെ പ്രവേ ശനത്തിന് അടിസ്ഥാനയോഗ്യതയായി നിശ്ചയിക്കണമെന്ന സ്കൂൾ കൗൺസിലിന്റെ ആവശ്യം പരിഗണിച്ച്, ഇത് അക്കാദമിക് കൗൺസിലിന്റെ അടുത്ത യോഗത്തിന്റെ പരിഗണനക്ക് വിടുവാൻ തീരുമാനിച്ചു.

(2081/എ1/2021/അക്കാദമികം - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.48**

വിഷയം: **വള്ളത്തോൾ ചെയർ ആരംഭിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: വൈസ് ചാൻസലറുടെ അഭ്യർത്ഥന മാനിച്ച് മലയാളസർവകലാശാലയിൽ വള്ളത്തോൾ ചെയർ സ്ഥാപിക്കുന്നതിന് ബജറ്റിൽ 10 ലക്ഷം രൂപ അനുവദി ച്ചുകൊണ്ടുള്ള സർക്കാരിന്റെ തീരുമാനത്തെ നിർവാഹകസമിതി സ്വാഗതം ചെയ്തു. പ്രസ്തുത തുകയോടൊപ്പം മലയാളസർവകലാശാലയുടെ വിഹി തമായി 15 ലക്ഷം രൂപ കൂടി ചേർത്ത് വള്ളത്തോൾ ചെയർ സ്ഥാപിക്കുന്ന തിനായി സർവകലാശാലാ ബജറ്റിൽ വകയിരുത്തി ചെയറിന്റെ പ്രവർത്തന ങ്ങൾ ആരംഭിക്കുവാനും യോഗം തീരുമാനിച്ചു.

ചെയറിന്റെ ചുമതല സാഹിത്യപഠനസ്കൂൾ അസോസിയേറ്റ് പ്രൊഫസറായ ഡോ. ഇ. രാധാകൃഷ്ണന് നൽകണമെന്നുള്ള വൈസ് ചാൻസലറുടെ നിർദ്ദേശം യോഗം അംഗീകരിച്ചു.

(1124/വള്ളത്തോൾ ചെയർ/2022 - വിസി കാര്യാലയം)

∗ ഇനം നമ്പർ: **2022.49**

വിഷയം: **2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമത്തിന്റെ അദ്ധ്യായം III അനുഛേദം 9 സി (iii), (iv) എന്നീ ഉപ അനുഛേദങ്ങൾ പ്രകാരം പൊതുസഭയിലേക്ക് നടത്തുവാൻ നിശ്ചയിച്ച തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ സംബന്ധിച്ചുള്ള വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം: നിർവാഹകസമിതിയോഗത്തിന്റെ കാര്യപരിപാടിയിലെ ഇനങ്ങൾ മുഴുവൻ അവസാനിച്ചതിനെതുടർന്ന്, 2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമത്തിന്റെ അദ്ധ്യായം III അനുഛേദം 9 സി (iii), (iv) എന്നീ ഉപ അനുഛേദങ്ങൾ പ്രകാരം പൊതുസഭയിലേക്ക് നടത്തുവാൻ നിശ്ചയിച്ച തെരഞ്ഞെടുപ്പിന്റെ നടപടിക്രമങ്ങൾ സംബന്ധിച്ച് സമിതിയുടെ അദ്ധ്യക്ഷൻ കൂടിയായ വൈസ് ചാൻസലർ അവതരിപ്പിച്ച റിപ്പോർട്ട് യോഗം അംഗീകരിച്ചു.

യോഗം ഉച്ചക്ക് 12.00 മണിക്ക് അവസാനിച്ചതായി അദ്ധ്യക്ഷനായ വൈസ് ചാൻസലർ അറിയിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്